# കേരള സർവകലാശാല

നം. പി.ആർ.023/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

## സിൻഡിക്കേറ്റ് യോഗം തടസ്സപ്പെട്ടു

കേരള സർവകലാശാല മാർച്ച് 14, 15 തീയതികളിൽ നടത്താനിരുന്ന സെനറ്റ് യോഗത്തിന് മുന്നോടിയായി ഇന്ന് ചേർന്ന സിൻഡിക്കേറ്റ് യോഗം തടസ്സപ്പെട്ടു. 2016-17 ലെ ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ, വാർഷിക അക്കൗണ്ട്, സെനറ്റിലെ ചോദ്യോത്തരങ്ങൾ അംഗീകരിക്കൽ, സർക്കാർ അനുവദിച്ച പുതിയ കോളേജുകളുടെ അംഗീകാരം, എയ്ഡഡ് കോളേജ് അദ്ധ്യാപകരുടെ അംഗീകാരം, എന്നിവയുൾപ്പെടെ നിരവധി സുപ്രധാന തീരുമാനങ്ങൾ എടുക്കേണ്ടിയിരുന്ന യോഗമാണ് തടസ്സപ്പെട്ടത്. ഒരു വിഭാഗം അംഗങ്ങൾ തുടക്കം മുതൽതന്നെ ഒച്ചപ്പാടുണ്ടാക്കുകയും യോഗ നടപടികൾ തടസ്സപ്പെടുത്തുകയും ചെയ്തു. ഉച്ചയൂണിന് ശേഷം വീണ്ടും സഭ ചേർന്നുവെങ്കിലും പ്രസ്തുത അംഗങ്ങൾ തടസ്സം തുടരുകയും യോഗം മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കാത്ത സാഹചര്യത്തിൽ സഭ നിർത്തിവയ്ക്കാൻ തീരുമാനിക്കുകയും ചെയ്തു. അമ്പതോളം ഗവേഷണ വിദ്യാർത്ഥികളുടെ പി.എച്ച്.ഡി ഡിഗ്രി അവാർഡ് ചെയ്യുന്നത് ഇത് നിമിത്തം മുടങ്ങി. കൂടാതെ സർവകലാശാലയ്ക്ക് റൂസ (RUSA) അനുവദിച്ച 20 കോടി രൂപയുടെ ആദ്യ ഗഡുവായ 2.5 കോടി ചിലവാക്കുന്നതിനെക്കുറിച്ചുള്ള തീരുമാനം എടുക്കാൻ കഴിയാതെ പോയതിനാൽ പ്രസ്തുത ഗ്രാന്റ് നഷ്ടപ്പെടുമോ എന്ന ആശങ്കയും നിലനിൽക്കുന്നു.

## ബി.ടെക് ടൈംടേബിൾ

കേരള സർവകലാശാല മാർച്ചിൽ നടത്തുന്ന നാലാം സെമസ്റ്റർ ബി.ടെക് (2013 സ്കീം - ഇംപ്രൂവ്മെന്റ് & സപ്ലിമെന്ററി) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.സി.എ ഫലം

കേരള സർവകലാശാല നവംബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.സി.എ (റഗുലർ & സപ്ലിമെന്ററി - 2011 സ്കീം, സപ്ലിമെന്ററി - 2006 സ്കീം) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സൂക്ഷ്മപരിശോധനയ്ക്ക് മാർച്ച് 21 വരെ അപേക്ഷിക്കാം. സൂക്ഷ്മപരിശോധനയ്ക്ക് വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന കരട് മാർക്ക്ലിസ്റ്റ് ഉപയോഗിക്കാം.

## എൽ.എൽ.ബി പരീക്ഷ

കേരള സർവകലാശാല മാർച്ച് 21-ന് തുടങ്ങുന്ന അഞ്ചാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് ബി.എ എൽ.എൽ.ബി/ബി.ബി.എ എൽ.എൽ.ബി/ബി.കോം എൽ.എൽ.ബി (പഞ്ചവത്സരം) പരീക്ഷയ്ക്ക് ഓൺലൈൻ (www.exams.keralauniversity.ac.in) വഴി രജിസ്റ്റർ ചെയ്യാം. പരീക്ഷയ്ക്ക് പിഴകൂടാതെ മാർച്ച് എട്ട് (50 രൂപ പിഴയോടെ മാർച്ച് 10, 250 രൂപ പിഴയോടെ മാർച്ച് 11) വരെ അപേക്ഷിക്കാം.

## ബി.ഡി.എസ് ഫലം

കേരള സർവകലാശാല നവംബറിൽ നടത്തിയ നാലാം ബി.ഡി.എസ് പാർട്ട് രണ്ട് (ന്യൂ & ഓൾഡ് സ്കീം അഡീഷണൽ) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 29 വരെ അപേക്ഷിക്കാം.

## എം.ബി.എൽ പരീക്ഷ

കേരള സർവകലാശാല ഏപ്രിൽ നാലിന് തുടങ്ങുന്ന അഞ്ചാം സെമസ്റ്റർ എം.ബി.എൽ പരീക്ഷയ്ക്ക് പിഴകൂടാതെ മാർച്ച് 14 (50 രൂപ പിഴയോടെ മാർച്ച് 16, 250 രൂപ പിഴയോടെ മാർച്ച് 18) വരെ അപേക്ഷിക്കാം.

## ബി.പി.എഡ് പരീക്ഷ

കേരള സർവകലാശാല ഏപ്രിലിൽ നടത്തുന്ന രണ്ട്, നാല്, ആറ് സെമസ്റ്റർ ബി.പി.എഡ് പരീക്ഷയ്ക്ക് മാർച്ച് ഒന്ന് മുതൽ ഓൺലൈൻ (www.exams.keralauniversity.ac.in) വഴി രജിസ്റ്റർ ചെയ്യാം.

ഏപ്രിൽ നാലിന് തുടങ്ങുന്ന രണ്ടാം സെമസ്റ്റർ ബി.പി.എഡ് (റഗുലർ & സപ്ലിമെന്ററി) പരീക്ഷയ്ക്ക് പിഴകൂടാതെ മാർച്ച് 10 (50 രൂപ പിഴയോടെ മാർച്ച് 14, 250 രൂപ പിഴയോടെ മാർച്ച് 16) വരെയും ഏപ്രിൽ അഞ്ചിന് തുടങ്ങുന്ന നാലാം സെമസ്റ്റർ ബി.പി.എഡ് (റഗുലർ & സപ്ലിമെന്ററി) പരീക്ഷയ്ക്ക് പിഴകൂടാതെ മാർച്ച് 11 (50 രൂപ പിഴയോടെ മാർച്ച് 15, 250 രൂപ പിഴയോടെ മാർച്ച് 17) വരെയും ഏപ്രിൽ ആറിന് തുടങ്ങുന്ന ആറാം സെമസ്റ്റർ ബി.പി.എഡ് (റഗുലർ) പരീക്ഷയ്ക്ക് പിഴകൂടാതെ മാർച്ച് 14 (50 രൂപ പിഴയോടെ മാർച്ച് 16, 250 രൂപ പിഴയോടെ മാർച്ച് 19) വരെയും അപേക്ഷിക്കാം.

## പ്രതിഫലം കൈപ്പറ്റണം

കേരള സർവകലാശാല ജൂൺ/ആഗസ്റ്റിൽ തിരുവനന്തപുരം സംസ്കൃത കോളേജിൽ നടത്തിയ രണ്ട്, നാല് സെമസ്റ്റർ (കരിയർ റിലേറ്റഡ്) പരീക്ഷകളുടെ മൂല്യനിർണ്ണയത്തിൽ പങ്കെടുത്ത ഇതുവരെ പ്രതിഫലം കൈപ്പറ്റാത്ത അദ്ധ്യാപകർ ഇ.എസ്-2 സെക്ഷനിൽ സി.വി ക്യാമ്പ് അഡ്മിനിസ്ട്രേഷൻ ഓഫീസറിൽ നിന്നും പ്രതിഫലം കൈപ്പറ്റണം.

(ഒപ്പ്)

സർവകലാശാല മന്ദിരം, ഡോ. ലാൽ സി.എ.

തിരുവനന്തപുരം. പബ്ലിക് റിലേഷൻസ് ഓഫീസർ

29.02.2016

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ


e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098